സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്
## (സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ വിഭാഗത്തിന് ഗവൺമെന്റ് ഉത്തരവ് പ്രകാരം പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചത് – ഓപ്ഷൻ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7273/16/Est-I** നന്തൻകോട്, **13/05/2016**

---

പരാമർശം :- 1) 14-03-2016 ലെ മേൽ നമ്പർ ഉത്തരവ്.
2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 29-03-2016 ലെ DA 3727/16/E-3 നമ്പർ റിപ്പോർട്ട്.
3) 28-04-2016 ലെ മേൽ നമ്പർ ഉത്തരവ്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 02-05-2016 ലെ DA 3727/16/E-3 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

G.O.P. No: 193/12(60) Fin dated 29-03-2012 ലെ സർക്കാർ ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിലും ബാധകമാക്കി ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് ശമ്പളസ്കെയിൽ 36140 - 49740 ഉം ഹയർ ഗ്രേഡ് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് 40640 - 57440 സ്കെയിലും 01-07-2009 പ്രാബല്യത്തിൽ അനുവദിച്ചു (പരാമർശം -1).

നിലവിലെ ഉത്തരവ്പ്രകാരം ഫിക്സേഷന് വരുന്ന വ്യത്യാസം അനുസരിച്ച് ഓപ്ഷൻ നൽകുന്നതിന് ബോർഡുത്തരവ് ആവശ്യമാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ 01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്ക്കരണത്തിൽ നൽകിയിട്ടുള്ള ഓപ്ഷൻ ആധാരമാക്കി പുതുക്കിയ സ്കെയിലിൽ ശമ്പളം നിശ്ചയിച്ച് നൽകാവുന്നതാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് നിർദ്ദേശം നൽകി (പരാമർശം - 3).

01-07-2009 ന് ശേഷം ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ച് പുതിയ സ്കെയിലിലേക്ക് മാറുന്നതിന് വേണ്ട ഓപ്ഷൻ കൊടുത്തിട്ടുള്ളവരെ സംബന്ധിച്ച് 28-04-2016 ലെ ഉത്തരവ് പ്രാബല്യത്തിൽ വരുത്താവുന്നതാണെന്നും എന്നാൽ 01-07-2009 ന് ശേഷം നിരവധി പേർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുള്ളതാണെന്നും ആകയാൽ പ്രൊമോഷൻ തീയതിയിലെ ഓപ്ഷൻ മാറ്റുന്നതിന് അനുവാദം ഉണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -4).

ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ച് 01-07-2009 ന്ശേഷം പ്രൊമോഷൻ ലഭിച്ചവർക്ക് 28-04-2016 ലെ ഉത്തരവുപ്രകാരമുള്ള ശമ്പളസ്കെയിൽ ലഭ്യമാക്കുന്നതിന് ടി ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തീയതിയിലെ ഓപ്ഷൻ മാറ്റുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ലാ ആഫീസർ
4. ലെയ്സൺ ആഫീസർ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി

SK